LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കിയ ഭൂമി

267(2623) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25 സെന്റിൽ കുറവുള്ള പാടമോ, വയലോ സൗജന്യ ഫീസ് അടച്ച് പൂരയിടമോ, പറമ്പോ ആക്കി മാറ്റുന്നതിന് സർക്കാർ ഇറക്കിയ ഉത്തരവിലെ അവ്യക്തതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇതിലേയ്ക്കായി പുറപ്പെടുവിച്ച SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ 23-7-2021-ലെ REV-P1/117/2021-REV സർക്കുലർ മുഖേന നൽകിയിട്ടുള്ളതാണ്.

(ബി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം ഇറക്കിയ ഭൂമി പോലും തരം മാറ്റത്തിന് നൽകിയാൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന നിബന്ധന പരിശോധിക്കാമോ?

കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമില്ല. എന്നാൽ അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലായാൽ അപേക്ഷകൻ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികൾ എത്രമാത്രം പ്രയോജനപ്രദമാണെന്നത് സംബന്ധിച്ച് കൃഷി ഓഫീസറുടെ അഭിപ്രായം ആർ.ഡി.ഒ. വാങ്ങേണ്ടതാണ്.

(സി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം ഇറക്കിയ ഭൂമി പോലും അനാവശ്യകാരണങ്ങൾ പറഞ്ഞ് ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ കൃഷി ഫീൽഡ് ഓഫീസർമാർ മടക്കുന്നതിനാൽ പൊതു ജനങ്ങൾക്ക് സർക്കാർ നൽകിയ ആനുകൂല്യം ലഭിക്കാതെ പോകുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനത്തിനായുള്ള അപേക്ഷ സ്വീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ ഡിവിഷണൽ ആഫീസർ ആണ്. കൃഷി ഫീൽഡ് ഓഫീസർമാർ അപേക്ഷ മടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.